Chief Minister [Sri. T. K. Narayana Pillai:] Yes. Now he is disowning that statement.

Sri. N. Daniel Jose: Who is the Member of Parliament who has given that statement.

Sri. T. K. Narayana Pillai : I think it is Mr. Velayudhan.

Sri. A. K. George : Has he publicly disowned it ?

Sri. T. K. Narayana Pillai : I do not think that he has publicly disowned it. He has disowned it in private.

ശ്രീ. പാമ്പ തളിയത്തു്: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതിനു് നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അങ്ങേഹമാണു് ചെയ്യേണ്ടതു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: പ്രധാനമന്ത്രിയോടു് പറഞ്ഞതാണോ അതോ ഗവൺമെൻറിലേയ്ക്കു് എഴുതി അയച്ചതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രധാനമന്ത്രിക്കുടി ഉള്ള അവസരത്തിൽ പറഞ്ഞു.

Sri. P. Balakrishnan Tampi : Sir, is it going to make any appreciable damage to this Government ?

Sri. T. K.Narayana Pillai : No.

ശ്രീ. പി. കെ. ഡീവർ: രേഖാമൂലമായി എഴുതി അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. പി. കെ. ഡീവർ: അങ്ങനെയാണെങ്കിൽ ഇനിയും എന്തെങ്കിലും പറഞ്ഞിട്ടു് പറഞ്ഞില്ലെന്നു പറയാമല്ലോ.

ശ്രീ. ടി. കെ. നാരായണപിള്ള: ആകാം.

കടലോരനിവാസികളായ കുട്ടികൾക്കു് പാൽ വിതരണം

*നമ്പർ ൪. (൫൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കടലോരനിവാസികളായ മത്സ്യത്തൊഴിലാളികളുടെ ദരിദ്രകുഞ്ഞുങ്ങൾക്കു് പാൽ വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവൺമെണ്ടു് ഇതുവരെ വല്ലതും ചെയ്തുകയുണ്ടായിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ടു്. സംസ്ഥാനത്തിൽ ആകെ ൩൩ പാൽവിതരണകേന്ദ്രങ്ങൾ ഉള്ളതിൽ മിക്കതും കടലോരപ്രദേശങ്ങളിലാണു് സ്ഥാപിച്ചിരിക്കുന്നതു്. ഈ കേന്ദ്രങ്ങൾവഴി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കു് പാൽ കിട്ടുന്നതാണു്. ൫൫ കേന്ദ്രങ്ങൾകൂടി ഈ ആഴ്ചയിൽതന്നെ സ്ഥാപിക്കുവാൻ ഇടപാടുചെയ്തിട്ടുണ്ടു്. താമസിയാതെ ൧൦൦ കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുവാൻ ഇടപാടു് ചെയ്തിട്ടുണ്ടു്.

Written Answers

വഞ്ചി പൂവർ ഫണ്ടു്

*നമ്പർ ൩. (൫൩) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly